# മനുഷ്യൻ മാറ്റിയ പ്രകൃതി

പ്രകൃതി നമ്മുടെ അമ്മയാണ്. ഒരമ്മക്ക് മക്കളോടുള്ള കരുതൽ എത്രയാണോ അത്രതന്നെ പ്രകൃതിക്കു ജീവജാലങ്ങളോടും . മനുഷ്യന്റെ ിലനിൽപ്പിനായുള്ളഎല്ലാ വിഭവങ്ങളും പ്രകൃതിയിലുണ്ട് . മലകളും പുഴകളും കാടുകളും ചെടികളും പല തരം ജന്തുക്കളും അടങ്ങിയ പ്രകൃതി മനോഹാരിയാണ്. പ്രാണവായുവും ഭക്ഷണവും  വെള്ളവും മരുന്നും എല്ലാം നൽകുന്ന പ്രകൃതി ഇല്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ല. പ്രകൃതി മാതാവിനെ മനുഷ്യനോളംനോവിച്ച മക്കൾ വേറെ ഇല്ല എന്നതാണ് സത്യം .മനുഷ്യൻ അവന്റെ സ്വാര്ഥതക്കായി കാടു നശിപ്പിക്കുന്നു . മരങ്ങൾ വെട്ടുന്നു. കൂറ്റൻ കെട്ടിടങ്ങൾ പണിയുന്നു. മണ്ണ് ,ജലം, വായു, ഒക്കെ മലിനമാക്കുന്നു.ഇതിന്റെ ഫലമോ? ശുദ്ധ വായു കിട്ടുന്നില്ല , ചൂട് കൂടുന്നു . 2018 ലെ പ്രളയം കേരളത്തിലുള്ളവർ ഒരിക്കലും മറക്കില്ല. മാലിന്യം മൂലം പുതിയ തരം രോഗങ്ങൾ ഉണ്ടാവുന്നു . ഇപ്പോൾ ലോകത്തെ ഭയപ്പെടുത്തുന്ന കോവിഡ് രോഗം ഇതിനു ഉദാഹരണമാണ്. പ്രകൃതിയെ വെല്ലുവിളിക്കാതെ അതിന്റെ കാവൽക്കാരായി നാം മാറണം . പ്രകൃതി സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

അനുലയ ഉണ്ണികൃഷ്ണൻ
ക്ലാസ്: 2
എൻ. എൽ പി എസ് പൂവത്തുശ്ശേരി